DESPATCHED
On...03/02/2020



7/01/2020

**സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,**
**തിരുവനന്തപുരം 695 001**
**ഫോൺ: 0471 2335199, ഫാക്സ്: 0471 2330920**
**E-mail: sic@kerala.nic.in**

**ഹർജി നമ്പർ CP No. 422(6)/2015/*എസ്.ഐ.സി.***
**തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**
**(ഫയൽ നം.4726/*എസ്.ഐ.സി–ജി 5/2015***

**സന്നിഹിതൻ**
**ശ്രീ. വിൻസൻ എം. പോൾ, മുഖ്യ വിവരാവകാശ കമ്മീഷണർ**

**ശ്രീ.സജിമോൻ,**
**കനാൽ പുറംമ്പോക്ക്, VMC X VIII/516**
**രാമന്തളി, വർക്കല പി.ഒ., തിരുവനന്തപുരം–695141** } **പരാതി ഹർജിക്കാരൻ**

**സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ**
**ട്രിവാൻഡ്രം ഡിസ്ട്രിക്ട് കോ–ഓപ്പറേറ്റീവ് ബാങ്ക്,**
**വർക്കല ബ്രാഞ്ച്, തിരുവനന്തപുരം.** } **എതിർകക്ഷി**

| | |
|---|---|
| 6(1) അപേക്ഷ നൽകിയ തീയതി | 24/02/2015 |
| മറുപടി ലഭ്യമാക്കിയ തീയതി | |
| കമ്മീഷനിൽ പരാതിഹർജി നൽകിയ തീയതി | 25/03/2015 |
| കമ്മീഷനിൽ പരാതിഹർജി ലഭ്യമായ തീയതി | 25/03/2015 |
| ഹിയറിംഗ് തീയതിയും സ്ഥലവും | 03/01/2020<br>സംസ്ഥാന വിവരാവകാശ കമ്മീഷൻ, തിരുവനന്തപുരം |
| ഹിയറിംഗിലെ സാന്നിധ്യം: പരാതി ഹർജിക്കാരൻ<br>: എസ്.പി.ഐ.ഒ | ഹാജരായില്ല<br>ഹാജരായി |

**ഉത്തരവ്**

പരാതി ഹർജിക്കാരനായ ശ്രീ.സജിമോൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ടിയാൻ ആവശ്യപ്പെട്ട വിവരങ്ങൾ എതിർകക്ഷി നൽകിയില്ല എന്നും മറ്റുമാണ്.

2. ഹർജിക്കാരൻ എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയുടെ പകർപ്പ് കമ്മീഷൻ മുമ്പാകെ ടിയാൻ ഹാജരാക്കിയിരുന്നില്ല.

3. എതിർകക്ഷി, കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, 07/10/2013–ലെ എസ്.എൽ.പി 9017/2013 കേസിലെ ബഹു.സുപ്രീംകോടതി വിധിയിൽ സഹകരണ സ്ഥാപനങ്ങൾ വിവരാവകാശ നിയമത്തിന്റെ പരിധിയിൽ വരുന്നതല്ലെന്ന് വ്യക്തമാക്കിയിട്ടുള്ളതാണെന്നും ആയതിനാൽ ഹർജിക്കാരൻ വിവരാവകാശ നിയമപ്രകാരം ആവശ്യപ്പെട്ട വിവരങ്ങൾ നൽകുവാൻ നിർവ്വാഹമില്ലെന്ന് ടിയാനെ അറിയിച്ചിട്ടുള്ളതാണെന്നുമാണ്. കമ്മീഷൻ മുമ്പാകെ ഹാജരായ വർക്കല കേരള സ്റ്റേറ്റ് കോ–ഓപ്പറേറ്റീവ് ബാങ്ക് മാനേജർ ബോധിപ്പിച്ചത്, ബാങ്കിന്റെ മാനദണ്ഡങ്ങൾ പ്രകാരം ഹർജിക്കാരന് വായ്പ അനുവദിക്കുവാൻ കഴിയുമായിരുന്നില്ല എന്നാണ്.

4. ഹർജിക്കാരൻ മറുപടിയിൽ തേടിയിരുന്നത് വിവരാവകാശ നിയമത്തിന്റെ പരിധിയിൽ വരാത്ത അധികാരസ്ഥാപനത്തിൽ നിന്നായിരുന്നു എന്നു കാണുന്നു. ആയതിനാൽ ഈ പരാതി ഹർജിയിൽ മറ്റ് നടപടികളൊന്നും ആവശ്യമില്ലെന്നു വിലയിരുത്തി, ഈ പരാതി ഹർജി ഇന്നേ ദിവസം 2020 ജനുവരി 7–ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

(ഒപ്പ്)
**വിൻസൻ എം. പോൾ**
**മുഖ്യ വിവരാവകാശ കമ്മീഷണർ**

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**അഡീഷണൽ സെക്രട്ടറി (നിയമം)**

STATE INFORMATION COMMISSION * KERALA, THIRUVANANTHAPURAM *

bm

RIGHT TO INFORMATION